Deepika 12-09-18, P-12

# കൊയ്തെടുക്കാം നെല്ലോർമകൾ



നെല്ലിനോളം മനുഷ്യരാശിയെ ഊട്ടുന്ന മറ്റൊരു ധാന്യമില്ല. കൃഷി ഉപജീവനമായിരുന്ന മലയാളിയുടെ പഴയ തലമുറയ്ക്ക് നെല്ല് അന്നം മാത്രമായിരുന്നില്ല, സംസ്കാരത്തിന്റെയും ജീവിതത്തിന്റെയും ഭാഗമായിരുന്നു. നെൽകൃഷിയുമായി ബന്ധപ്പെട്ട് ഉപയോഗിച്ചിരുന്ന ചില കൃഷിരീതികൾ, ആചാരങ്ങൾ, ഉപകരണങ്ങൾ എന്നിവയെ ഈ കർഷകദിനത്തിൽ നമുക്ക് ഓർമകളിൽനിന്നു കൊയ്തെടുക്കാം.

ഡോ. സാബിൻ ജോർജ്

## നെല്ലും ആചാരങ്ങളും

**നിറപറ** - ഒരു പറ നിറയെ നെല്ലിൽ തെങ്ങിൻ പൂക്കുല വച്ചാൽ നിറപറയായി. മംഗളകർമങ്ങൾക്കും, ചടങ്ങുകൾക്കും ഒഴിവാക്കാനാവാത്ത ആചാരമായി ഇന്നും തുടരുന്നു.

**നിറ** - ഇല്ലം നിറ, നിറപുജ തുടങ്ങിയ പേരുകളിൽ അറിയപ്പെടുന്നു. വിരിപ്പുകൃഷിയിലെ വിളവ് കൊയ്തെടുത്ത് വീടുകളിലേക്കു കൊണ്ടുവരുന്ന ചടങ്ങ്.

**പുത്തരി** - ഇല്ലം നിറയ്ക്കു ശേഷം വീടുകളിലെത്തിക്കുന്ന കറ്റ മെതിച്ചു കിട്ടുന്ന പുന്നെല്ലിന്റെ അരി കൊണ്ടുണ്ടാക്കുന്ന ചോറ് കഴിയ്ക്കുന്ന ചടങ്ങ്.

**വാണിയപ്പുര** - കൊയ്ത്തുകാലത്ത് നിലത്തിനോട് ചേർന്ന് നടത്തുന്ന കച്ചവടപ്പുര. കൊയ്ത്തിനെത്തുന്നവർ ഇവിടെനിന്നു ഭക്ഷണവും, മുറുക്കാനും, ബീഡിയുമൊക്കെ വാങ്ങുന്നു.

**പറയിടൽ** - വിളവിന്റെ ഒരു ഭാഗം ദേവനോ, ദേവിക്കോ സമർപ്പിക്കുന്ന ചടങ്ങ്. ഭവനങ്ങളിലെത്തി പൂജാരിമാർ ഏറ്റുവാങ്ങുന്നു.

**കാവൽമാടം** - പുഞ്ചക്കൊയ്ത്ത് സമയത്ത് കർഷകർക്ക് ഒരുക്കുന്ന താത്കാലിക താമസസൗകര്യം. രാത്രിയിൽ കാവൽമാടത്തിനു മുന്നിൽ ഒരു റാന്തൽ പ്രകാശം ചൊരിയാൻ തൂക്കിയിട്ടുണ്ടാകും.

**വെള്ളരി നാടകം** - കൊയ്ത്തു കഴിഞ്ഞ പാടത്തെ സംഗീത-നാടക പരിപാടി. ഈ സമയത്ത് വയലിൽ നടുന്ന വെള്ളരികൾക്ക് കാവലിരിക്കുന്നവരാകും കലാകാരന്മാർ.

**പഴനിലം** - ഒരു വിളവിനു ശേഷം നെൽകൃഷിയിറക്കാതെ തരിശിടുന്ന നിലം.

## കൃഷിയും, കൊയ്ത്തും, മെതിയും

**ഞാറ്റടി** - കൃഷിക്കു വേണ്ടി നെൽവിത്ത് പാകി ഞാറാക്കി വളർത്തുന്ന രീതി. "ഞാറ്റിൽ പിഴച്ചാൽ ചോറ്റിൽ പിഴച്ചു" എന്ന പഴഞ്ചൊല്ല് ഇതിന്റെ പ്രാധാന്യം കാണിക്കുന്നു.

**വിരിപ്പ്** - ഒന്നാം കൃഷിക്ക് വിരിപ്പുകൃഷിയെന്നാണ് പേര്. ഏപ്രിൽ - മേയ് തുടങ്ങി സെപ്റ്റംബർ - ഒക്ടോബറിൽ അവസാനിക്കുന്നു.

**മുണ്ടകൻ** - രണ്ടാംവിള നെൽകൃഷിയാണിത്. സെപ്റ്റംബർ - ഒക്ടോബറിൽ തുടങ്ങി ഡിസംബർ - ജനുവരിയിൽ അവസാനിക്കും. മഞ്ഞുകാലമാണിത്.

**പുഞ്ച** - മൂന്നാം കൃഷി. വേനൽക്കാലത്ത് നടത്തുന്നു. ഡിസംബർ - ജനുവരിയിൽ തുടങ്ങി മാർച്ച് - ഏപ്രിലിൽ അവസാനിക്കുന്നു.

**കൂട്ടു മുണ്ടകൻ** - കൂടുതൽ വെള്ളമുള്ള വയലുകളിൽ മുണ്ടകൻ വിത്തും വിരിപ്പു കൃഷിയ്ക്കുള്ള വിത്തും 30 : 70 അനുപാതത്തിൽ വിതച്ചു കൃഷി ചെയ്യുന്ന രീതി.

**കളം** - നെല്ല് കൊയ്ത് കൊണ്ടുവന്ന് മെതിക്കുന്നതിന് തയാറാക്കുന്ന സ്ഥലം

**പൊലി** - കളത്തിൽ കൂട്ടിയിട്ടിരിക്കുന്ന കറ്റ മെതിച്ചു കിട്ടുന്ന നെല്ല്.

**പതം** - കർഷകത്തൊഴിലാളികൾക്ക് കൂലിയായി കൊടുക്കുന്ന നെല്ലിന്റെ അളവ്

**പൊലി അളവ്** - പതമളന്ന് നല്കിയ ശേഷം കർഷകൻ അളന്നെടുക്കുന്ന നെല്ല്

**പതിര്** - അരിയില്ലാത്ത നെല്ല്

